**D 142685** **(Pages : 3)** **Name.......................................**

**Reg. No...................................**

**SECOND SEMESTER B.VOC/ INTEGRATED P.G. DEGREE EXAMINATION, APRIL 2026**

Malayalam

MAL 2A 08(03)/MAL 2IA 08(3)—MALAYALA BHASHAYUM SAHITHYAVUM 2

(2019 Syllabus)

Time : Two Hours and a Half Maximum : 80 Marks

**Section A**

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25 :

1. 'അരി പുഴുങ്ങി ഉപ്പും കൂട്ടി തിന്നു ജീവിക്കുന്ന എനിക്കു ജീവിതം മടുത്തു തുടങ്ങി—സൂചിതമെന്ത് ?
2. മനസ്സിന് ക്രിയാത്മകമായ പണി കൊടുക്കുകയാണ് സ്വയം സഹായിക്കാനാഗ്രഹിക്കുന്ന കാൻസർ രോഗിക്ക് ചെയ്യാൻ കഴിയുന്ന കടമ - എന്തൊക്കെയാണ് ചന്ദ്രമതി പറയുന്ന ക്രിയാത്മകമായ പണികൾ ?
3. ഹരീന്ദ്രൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ എന്തൊക്കെ ?
4. 'ഒരു മനുഷ്യൻ' എന്ന കഥയിലെ നായകൻ കുറെ വിദേശികളായ തൊഴിലാളികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് എന്തിനു വേണ്ടിയാണ് ?
5. 'എൻമകജെ'യിലെ ശ്രീരാമ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.
6. 'നീ ഗർഭപാത്രം ഉപേക്ഷിക്കണം ദുഷിച്ച മനുഷ്യലോകത്തിന് നമ്മുടെ വക ഒരു സംഭാവന വേണ്ട — ആശയം എന്ത് ?
7. 'ഞണ്ടുകളുടെ നാട്ടിൽ നിന്ന് വലിയ പോറലുകൾ ഇല്ലാതെ രക്ഷപ്പെട്ടതിൽ സന്തോഷവും രക്ഷപ്പെടുത്തിയവരോട് നന്ദിയുണ്ട്'— സൂചിതമെന്ത് ?
8. എൻ.എസ്. മാധവന്റെ നാല് ചെറുകഥകളുടെ പേര് എഴുതുക.
9. 'തിരിഞ്ഞു നോക്കാതെ പോകണം. എന്നെ ആരെങ്കിലും കണ്ടോ എന്നു ചോദിച്ചാൽ കണ്ടില്ലെന്നുതന്നെ പറയണം'— സന്ദർഭം എന്ത് ?
10. അംബികാസുതൻ മാങ്ങാട് — കുറിപ്പെഴുതുക.

(25 marks)

**Turn over**



114143

750422



11. 'സാന്ത്വന ചൂണ്ടുന്നതാണ് പലപ്പോഴുമെന്റെവഴികൾ'— പരാമർശം എന്ത് ?

12. ''തുറക്കൂ, അവരെന്നെ പിടിക്കുവാനാണ് വന്നിരിക്കുന്നത് സ്ത്രീ കരഞ്ഞു കൊണ്ട് പറഞ്ഞു''— ആരുടെ വാക്കുകൾ ? ആശയം എന്ത് ?

13. ആത്മകഥയുടെ പ്രത്യേകതകൾ എഴുതുക.

14. 'വല്യച്ഛനെന്റെ അലംഭാവം തീരെ പിടിക്കുന്നില്ല'— ഇങ്ങനെ ചിന്തിക്കാൻ കാരണം എന്ത് ?

15. 'എന്റെ സ്വപ്നം മാഞ്ഞുപോകുന്ന ഒന്നോണെന്നും മായ്ച്ചു കളയേണ്ടതാണെന്നും ഞാൻ കരുതി'—സന്ദർഭം എന്ത് ?

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. അഞ്ചു മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35 :

16. 'ബാലചന്ദ്രന്റെ വാക്കുകൾ എന്റെ മനസ്സിന് കരുത്തും നിർമ്മമത്വവും പകർന്നു'—ചന്ദ്രമതിയുടെ ഈ അഭിപ്രായത്തിനുള്ള കാരണം വിശദമാക്കുക ?

17. 'അറിഞ്ഞോ ഇന്ദിരാഗാന്ധിയെ വെടിവെച്ചുകൊന്നു എന്നു തോമസ് അച്ചന്റെ ഫോൺ വന്നു'—വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥയ്ക്ക് ഈ ചരിത്രസംഭവത്തിലുള്ള പ്രാധാന്യം വിലയിരുത്തുക.

18. കാസർഗോഡിലെ ഗ്രാമീണ ജീവിതത്തിന്റെ പ്രത്യേകതകൾ എൻമകജെയിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ ?

19. 'പയറുവള്ളികളിൽ തൂങ്ങി നമ്മളൊക്കെ' എന്ന കഥയിലെ പത്മിനി എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

20. കുഞ്ഞു നഷ്ടപ്പെട്ട ഒരച്ഛന്റെ വേദന 'സന്താനഗോപാലം' എന്ന ആത്മകഥാഭാഗത്തിൽ എം.എൻ. പാലൂർ പങ്കുവയ്ക്കുന്നത് എങ്ങനെ ?

21. കുടുംബബന്ധങ്ങളിലെ ആന്തരിക സംഘർഷങ്ങൾ 'ഭഗ്നഭവന'ത്തിൽ ആവിഷ്കരിച്ചിരിക്കുന്നത് എപ്രകാരമെന്ന് പരിശോധിക്കുക ?

22. 'ഇതിവിടെ ചെലവാക്കാൻ ഉദ്ദേശിക്കല്ലേ ! പണം വച്ചിട്ട് പോ...നിന്റെ കണ്ണു ഞാൻ ചുരന്നെടുക്കും അല്ലെങ്കിൽ'—വിവക്ഷിതം എന്ത് ?

23. 'ഇടയ്ക്ക് കണ്ണടയ്ക്കുമ്പോൾ ഞാൻ വലിയ ഒരാളായി കുടുംബത്തെ രക്ഷിച്ച കഥകളുടെ മധുരസ്വപ്നങ്ങളും കണ്ടിട്ടുണ്ട്'—സന്ദർഭവും ആശയവും എഴുതുക ?

(35 marks)

750422

750422



## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക :

24. കഥയില്ലാത്തവൻ കർമ്മത്തിലൂടെ കഥയുണ്ടാക്കുകയും സ്വയം കഥയായി മാറുകയും പുതുതലമുറയ്ക്ക് വെളിച്ചം പകരുകയും ചെയ്യുന്നുവെന്ന് വിലയിരുത്തപ്പെട്ട ആത്മകഥയാണ് എം.എൻ. പാലൂരിന്റെ കഥയില്ലാത്തവന്റെ കഥ—വിശകലനം ചെയ്യുക.

25. യൗവനവും സൗന്ദര്യവും തകർക്കപ്പെട്ട ഭൂമിയുടെ നിലവിളിയാണ് 'എൻമകജെ' എന്ന നോവൽ—പരിശോധിക്കുക ?

26. പരമ്പരാഗത നാടകസങ്കല്പങ്ങളിൽ നിന്നകന്ന് സുഘടിതമായ നാടക ഘടനയ്ക്കുള്ളിൽ നിന്ന് രചന നിർവഹിച്ച നാടകം എന്ന നിലയിൽ 'ഭഗ്നഭവന'ത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക ?

27. ഹ്യൂമനിസത്തിന്റെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തി രചന നടത്തിയ ബഷീറിന്റെ 'ഒരു മനുഷ്യൻ' എന്ന കഥയ്ക്ക് സമകാലികപ്രസക്തി അവകാശപ്പെടാനാകുമോ ? സ്വാഭിപ്രായം വ്യക്തമാക്കുക

(2 × 10 = 20 marks)

750422